# Athmaraksha.org

വിശുദ്ധരുടെ ജീവചരിത്രം

## വിശുദ്ധ അൽഫോൻസാ (F.C.C.)




കേരളത്തിൽ കോട്ടയത്തിനടുത്തുള്ള കുടമാളൂർ ഇടവകയിൽ മുട്ടത്തുപാടത്ത് കുടുംബത്തിൽ ജോസഫിന്റെയും മേരിയുടേയും നാലാമത്തെ സന്താനമായി 1910 ഓഗസ്റ്റ് 19ന് അന്നക്കുട്ടി ജനിച്ചു. 1910 ഓഗസ്റ്റ് 27ന് കുടമാളൂർ പള്ളിയിൽ ജ്ഞാനസ്നാനം സ്വീകരിച്ചു. അമ്മയുടെ അകാലചരമത്തെത്തുടർന്ന്, കേവലം 3 മാസം പ്രായമുള്ള അന്നക്കുട്ടി, മാതൃസഹോദരി മുട്ടച്ചിറ മുരിക്കൻ അന്നമ്മയുടെ സംരക്ഷണത്തിലായി. ഏകദേശം മൂന്നു വയസ്സുള്ളപ്പോൾ രോഗം പിടിപെടുകയാൽ ചികിത്സാർത്ഥം അന്നക്കുട്ടിയെ കുടമാളൂരിലേക്ക് തിരികെകൊണ്ടുപോകുകയും സിദ്ധവൈദ്യനായ സ്വന്തം പിതാവിന്റെ ചികിത്സയിൽ അവൾ പൂർണ്ണസൗഖ്യം പ്രാപിക്കുകയും ചെയ്തു.

1916 മേയ് 16-ന് അന്നക്കുട്ടി കുടമാളൂരിനടുത്തുള്ള ആർപ്പൂക്കര തൊണ്ണൻകുഴി ഗവ. സ്കൂളിൽ ചേർന്നു. 1917 നവംബർ 27ന് കുടമാളൂർ പള്ളിയിൽവച്ച് പ്രഥമദിവ്യകാരുണ്യ സ്വീകരണം നടത്തി. മൂന്നാം ക്ലാസ്സ് കഴിഞ്ഞ് തുടർന്നുള്ള പഠനത്തിനായി അന്നക്കുട്ടിയെ മാതൃസഹോദരി അന്നമ്മ വീണ്ടും മുട്ടച്ചിറയിലേക്കു കൊണ്ടുവന്നു. അവിടെ ഗവ. സ്കൂളിൽ ഏഴാം ക്ലാസ്സ്വരെ വിദ്യാഭ്യാസം നടത്തി. അക്കാലത്ത് മാതൃസഹോദരിയിൽ നിന്ന് അന്നക്കുട്ടിക്ക് ലഭിച്ച ശിക്ഷണം, അനുസരണത്തിന്റെയും സ്നേഹത്തിന്റെയും വിവേകത്തിന്റെയും വിത്തുകൾ അവളിൽ പാകി, സുന്ദരിയും, സുശീലയും ഭക്തയും വിവേകമതിയുമായി വളർന്നുവന്ന ആ പെൺകുട്ടി സഹപാഠികൾക്കും അയൽക്കാർക്കും അദ്ധ്യാപകർക്കും കണ്ണിലുണ്ണിയായി മാറി.

സന്യാസിനിയാകണമെന്നുള്ള ആഗ്രഹം ചെറുപ്പംമുതൽ അവളിൽ രൂഢമൂലമായിരുന്നു. എന്നാൽ സുന്ദരിയായ അന്നക്കുട്ടിയെ ഒരു നല്ല കുടുംബത്തിൽ വിവാഹം ചെയ്തയയ്ക്കാനാണ് പേരമ്മ ആഗ്രഹിച്ചത്. ഒരു വിവാഹം ഉറപ്പിക്കുകയും ചെയ്തു. മനസ്സമ്മതത്തിനു പോകേണ്ട ദിവസമായി. വിവാഹത്തിൽനിന്നും രക്ഷപ്പെടുന്നതിന് വീടിന്റെ പിൻഭാഗത്തുള്ള ചാരക്കുഴിയിലെ കനലിൽ, കാൽ അല്പം പൊള്ളിക്കാൻ അന്നക്കുട്ടി തീരുമാനിച്ചു. പക്ഷേ ഈ ശ്രമത്തിൽ അവൾ തീയിലേയ്ക്ക് വഴുതിവീണ് രണ്ടു കാലും പൊള്ളുന്നതിനിടയായി. അതോടെ വിവാഹം മുടങ്ങി. സന്യാസിനിയാകാൻ അങ്ങനെ അവൾക്ക് അനുമതി കിട്ടി.

1927 ലെ പന്തക്കുസ്താനാളിൽ അന്നക്കുട്ടി ഭരണങ്ങാനത്തുള്ള ഫ്രാൻസിസ്കൻ ക്ലാര സഭയിൽ ചേർന്നു. 1928 ആഗസ്റ്റ് 2ന് അവൾ ശിരോവസ്ത്രം സ്വീകരിച്ച് 'അൽഫോൻസാ' ആയി. ഉപരിപഠനത്തിനുശേഷം 1930 മേയ് 19ന് അവൾ സഭാവസ്ത്രം സ്വീകരിച്ചു. 1932 ൽ കുറച്ചുകാലം വാകക്കാട് സ്കൂളിൽ അദ്ധ്യാപികയായി ജോലിനോക്കി. ഒരു വർഷത്തെ കാനോനിക നോവിഷ്യറ്റിനുശേഷം 1936 ആഗസ്റ്റ് 12ന് നിത്യവ്രത വാഗ്ദാനം ചെയ്ത് സിസ്റ്റർ അൽഫോൻസാ, ഈശോയുടെ സ്വന്തമായിത്തീർന്നു.

കന്യകാലയത്തിൽ പ്രവേശിച്ചതുമുതൽ മരണംവരെ സിസ്റ്റർ അൽഫോൻസാ രോഗിണിയായിരുന്നു. കഠോരമായ രോഗങ്ങളാലും മാനസികവേദനയാലും അവൾ നിരന്തരം പീഡിപ്പിക്കപ്പെട്ടിരുന്നു. ഈശോയോടുള്ള സ്നേഹത്താൽ നിറഞ്ഞ്, തന്റെയും മറ്റുള്ളവരുടെയും വിശുദ്ധീകരണത്തിനായി, തന്റെ എല്ലാ സഹനങ്ങളും കാഴ്ചവച്ചു. ഒരിക്കലും ഒന്നിനും പരാതിപ്പെട്ടിരുന്നില്ല. അൽഫോൻസായുടെ സഹനജീവിതത്തെ 'സ്നേഹബലി' എന്ന ഒറ്റവാക്കിൽ സംഗ്രഹിക്കാം.

1946 ജൂലൈ 28-ന് അൽഫോൻസാ തന്റെ സഹനബലി പൂർത്തിയാക്കിക്കൊണ്ട്, സഹനത്തിന്റെ മഹത്വകിരീടം പ്രാപിക്കാനായി മാലാഖമാരുടെ നാട്ടിലേക്ക് പറന്നുപോയി. 02-12-1953-ൽ 'ദൈവദാസി', 6-11-1984-ൽ 'ധന്യ', 8-2-1986-ൽ 'വാഴ്ത്തപ്പെട്ടവൾ' എന്നിങ്ങനെ പടിപടിയായി ഉയർത്തിക്കൊണ്ട് തിരുസഭ അൽഫോൻസാമ്മയുടെ വിശുദ്ധിയെ അംഗീകരിച്ചു. അവസാനം, 12-10-2008-ൽ പരിശുദ്ധ പിതാവ് ബനഡിക്ട് 16-ാമൻ അൽഫോൻസാമ്മയെ വിശുദ്ധയായി പ്രഖ്യാപിച്ചു.

വിശുദ്ധ അൽഫോൻസാമ്മേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ!.